ST.PHILOMENA'S HIGHER SECONDARY SCHOOL ★ KOONAMMAVU ★

# Finestra



*An open window to creativity*

little KITEs

# CONTENT


| | | |
|---|---|---|
| 1. | From the desk | 3 |
| 2. | Editorial board | 4 |
| 3. | World of English | 5 |
| 4. | One Life – Anitha K. J | 6 |
| 5. | The Race – Akshay Chandran | 7 |
| 6. | Who is correct?– Nandana. V. S | 8 |
| 7. | Top 10 personalities who contributed in I T field | 10 |
| 8. | The wonders of the nature – Neha Jenil | 13 |
| 9. | Why does the tiger have a striped coat?– Adithyan Saravanan | 14 |
| 10. | The Friends – Amal Francis | 15 |
| 11. | Quotes of famous personalities – Maria Raju | 16 |
| 12. | മലയാളമഞ്ജരി | 18 |
| 13. | എന്താണ് കൃഷി? കാണിച്ചു കൊടുക്കാൻ കൃഷി നമുക്കുണ്ടോ? - ശ്രേയ | 19 |
| 14. | നക്ഷത്രമേ - അൽന സോജൻ | 21 |
| 15. | അമ്മ മണം - നാദിയ അൻവർ | 22 |
| 16. | കണ്ണുനീർ - ജെഫിൻ. പി. ഫ്രാൻസിസ് | 26 |
| 17. | വാത്സല്യത്തിൻ ചൂടാവി - ജെഫിൻ. പി. ഫ്രാൻസിസ് | 27 |
| 18. | Annual day 2019-2020 | 28 |
| 19. | വിമുക്തി- ലഹരിക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ് | 30 |
| 20. | ഇതാണ് സാറേ ഇലക്ഷൻ | 32 |
| 21. | 2018-20 വർഷങ്ങളിൽ സ്കൂളിൽ വന്ന മാറ്റങ്ങൾ | 33 |

## FROM THE DESK



2019-20 അധ്യയന വർഷം സെൻറ് ഫിലോമിനാസ് ഹൈസ്കൂളിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. കാലത്തിനൊപ്പം ചലിക്കുന്ന യുവമനസ്സുകൾക്കും ഈ സൃഷ്ടിയുടെ അണിയറപ്രവർത്തകർക്കും മികച്ച ഭാവിയും ജീവിതത്തിൽ പുത്തൻ പ്രവർത്തനങ്ങളിലൂടെയും ചിന്തകളിലൂടെയും സമൂഹത്തിന് അമൂല്യമായ സംഭാവനകൾ നൽകുവാൻ കഴിയുമാറാകട്ടെ എന്ന് നേരുകയും ചെയ്യുന്നു.

**Salu Thykkudan**
Headmaster
St. Philomenas H.S.S
Koonammavu

## Editorial Board

Nandana V S
Nadia Anver
Angel Riju
Alna Sojan
Neha Jenil
Anitha K J
Sreenidhi J B
Ann Maria N T
Adithyan Saravanan
Akshay Chandran
Ananthakrishnan D S
Amal Francis K S
Adithyan Ravi

# WORLD OF *ENGLISH*




# ONE LIFE

One song can spark a moment
One flower can wake the dream
One tree can start forest
One bird can herald spring
One smile beings a friendship
One handclasp is a soul
One star can guide a ship at sea
One word can frame the goal
One vote can change a nation
One sun lighter a room
One candle wiper out darkness
One laugh will conquer gloom
One step must start a journey
One word must start a prayer
One hope will our spirits
One touch can show you care
One voice can speak with wisdom
One heart can known what is true
One life can make a difference

Anitha K J

# THE RACE

Once up on time in a jungle there was a race between a rabbit and a turtle. The race was started, the rabbit was on lead but turtle was slow. The rabbit was so far and he looked back, the sight of turtle was gone so he decided to take rest and he took rest under a tree. He felt fast asleep. The turtle reached there. He went to awake the rabbit but he decided against it, because rabbit was a fast runner. So he didn't wake him. The turtle was walk slow and finish the race. The rabbit woke up and ran to the finishing line. But he lost.



Then the rabbit decided to conduct another race. In that race the rabbit won, because he didn't take rest. The turtle lost. Then the turtle decided a race. The route map was prepared by the turtle. The race started. The rabbit ran fast, but he was puzzled because there was a big river in the map. He was unable to cross the river. The turtle came slow and was about to cross the river. The rabbit was disappointed. The turtle came and carried the rabbit on his back across the river and crossed the finish line together, and they where friends at last.

**Akshay Chandran**

# WHO IS CORRECT?

BEEP... BEEP...

The conductor whistled.




The bus bearing the board 'Bombay to Goa', got started and slowly rolled down on the road, coming out of the bus station platform.

The bus was not that much crowded for its usual jam packed passengers. The conductor got up from his seat and started his work, While all had settled on their seats, the conductor distributed the tickets.

A lady passenger, who had six children, was also travelling in the bus. She was standing at the middle of it and looking for a comfortable seat.

There were a row of seats, right in front of her. Thinking it would be sufficient, she asked her four children to sit down there. She sat down behind them and got the other two seated beside her.
Then, with a sigh of alleviation, after finding their children comfortably settled, she looked at her watch. Half an hour had passed since the bus departed.

She looked out through the window and started gazing.

COUGH... COUGH... The lady turned to that direction and saw a young man opposite her rubbing his eyes.

'See this gentle-man, he has finished a nap!' She wondered to herself and turned towards the window.

The bus was running steady and fast, with the constant roaring of the engine. Running on the pits and bumps of the road, the bus was jerking slightly up and down and that looked as it was cradled for the lullaby of

engine sound. Staring at a place constantly, She was dozed to sleep – an undisturbed sleep.

COUGH.. COUGH... COUGH...

Suddenly the lady coughed very violently as something chocked her throat and stuffed her nose.

She opened her eyes and got bewildered to see a thick mantle of smoke all around.

It was coming from the puffing cigarette of the happily smoking young man. Curly smoke kept on smouldering from the cigarette, as he enjoyed smoking.

Irritated by his action, she called him, 'Hello gentleman!'.

The young man holding the cigarette between his fingers, slowly turned at her like a celluloid hero. As the smoke was seeping through his mouth and nose, he lifted his eyebrows.

Pointing him to what was written on his top- NO SMOKING. She shouted at him to throw away his cigarette.

The gentleman grinned at her and pointing to her what was written on her top – ONE FAMILY ONE CHILD – he asked 'You please throw away your five children.'


The lady was stunned but.... Who is correct?

**Nandana V S**

# TOP 10 PERSONALITIES WHO CONTRIBUTED IN I T FIELD

## STEVE JOBS

The co-founder and the chief executive of Apple computer, topped the computer weekly 40th Anniversary poll due to the devoted following he had generated through his pioneering work in personal computing and product design.



## TIM BERNERS LEE



Dot coms, bloggers and google all have one man to thank for their place in the 21st century world. In 1990 Tim Berners Lee made the imaginative leap to combine the internet with the hypertext concept and the world wide web was born.

## BILL GATES



As joint founder of he world's biggest software company, Microsoft Bill Gates approach to technology and business was instrumental in making technology available to the world.

## JAMES GOSLING



Of your choice of the most influential people in IT, James Gosling is the true geek. Unlike Bill Gates and Steve Jobs, neither whom finished college, Gosling completed a PhD in Computer science and contributed to software innovation at a technical level.

## LINUS TORVALDS




As the creator of the Linux operating system, Linus Torvalds has been a driving force behind the whole open source movement, which represents not only an ever increasing challenge to proprietary software, but is also the inspiration for the industry to move to open standards.

## RICHARD STALLMAN



Richard Stallman the founder of the GNU project, an initiative to develop a complete Unix like operating system which is free software. Stallman has written several popular tools, created the GNU license and campaigns against software patents.

## ARTHUR C CLARKE



2001: *A space Odyssey* writer Arthur C Clarke has consistently been ahead of his time in pretending how technology will change the world. Most notably in 1945 he suggested that geostationary satellites would make ideal telecoms relays.

## TED CODD



Ted Codd created 12 rules on which every relational database is built-on essential ingredient for building business computer system.

## STEVE SHIRLEY



Steve Shirley was an early champion of women in IT. She founded the company now known as Xansa pioneered new work practices and in doing created new opportunities for women in technology.

## MARTHA LANE FOX



With Brent Hoberman, Martha Lane Fox created 'Lastminute. com' in 1998 ans as 'the face' of Lastminute raised the profile of e-commerce even higher in the public consciousness.

# THE WONDER OF NATURE

Nature! Nature! So lush and green
The wonder of wonders anyone has seen
So cool, calm and full of life
makes us forget all our strife
Think of a forest full of trees
fluttering and dancing in the breeze
Cut them down and construct towers
wait for ages to get some showers
The bird that sung high in the sky
can we imitate them however hard we try
Learn to wonder and gasp at things
and see the happiness it brings
We have got such wonderful things
Do what you can and save a wing
So that our children in future
can see the things that we have seen.

**Neha Jenil**

# WHY DOES THE TIGER HAVE A STRIPED COAT ?

The most striking feature of a tiger is its yellow and black striped fur. It acts as a camouflage coat. This striped fur actually conceals the tiger among the bamboos and marsh vegetation of the places where it lives, especially in the lush green jungle of Asia. This camouflage helps them in their hunting.

Tiger hunting was a popular sport once in India and many parts of Asia. Not only that they were also killed for teeth and fur. This result in the sudden decline of the tiger population, especially in India. After many conservation efforts the number is slowly increasing.

**Adithyan Saravanan**

# THE FRIENDS



Once up on a time there was two friends, a rat and a pigeon. There was a hunter. He came to the forest and made a trap to catch the pigeons. He waited for the pigeons. Sometimes later, the pigeons were trapped. But the hunter was sleeping at that time. The pigeons planned to act like they where died. When hunter came and cut the net we can fly together. The hunter was come and saw the pigeons are died and then hunter cut the net and they fly together and go to there friend the rat and then he cut the net and they free for all.

**Amal Francis**

# QUOTES OF FAMOUS PERSONALITIES

Most people are other people; Their thoughts are someone else's opinions, their lives a mimicry their passions a quotation.

– Oscar Wilde

My favourite things in life doesn't cost any money. It's really clear the most precious resource we all have is time.

– Steve Jobs

You can design and built the most wonderful place in the world. But it takes people to make the dream a reality.

– Walt Disney

Victory belongs to the most persevering.

– Napoleon Bonaparte

Prayer is the most concrete way to make our home in God.

- Henry Nouwen

Most people run far enough on their first wind to find out they've got a second.

- William James

Climate change in happening, humans are causing it, and I think this is perhaps the most serious environmental issue facing us.

– Bill Nye

Some of the most impressive judicial nominees are grossly mistreated.
– Neil Gorsuch

The best and most beautiful things in the world cannot be seen or even touched they must be felt with the heart.
– Helen Killer

Education is the most powerful weapon which you can use to change the world.
– Nelson Mandela

The difference between what we do and what we are capable of doing would suffice to solve most of the world’s problems.
– Gandhiji

Man is but a reed, the most feeble thing in nature, but he is a thinking reed.
– Blaise Pascal

**Maria Raju**



# മലയാളമഞ്ജരി

# എന്താണ് കൃഷി? കാണിച്ചുകൊടുക്കാൻ കൃഷി നമുക്കുണ്ടോ?

നാളുകൾക്ക് മുമ്പ് അതായത് നമ്മുടെ മുതുമുത്തച്ഛൻമാരുടെ കാലത്ത് ആളുകളുടെ ഉപജീവനമാർഗ്ഗം ആയിരുന്നു കൃഷി. കേരളക്കരയാകെ കുളിരണിയിക്കുന്ന തരത്തിൽ വിളഞ്ഞുകിടക്കുന്ന പാടങ്ങളും കാറ്റിൽ ചാഞ്ചക്കം ആടുന്ന തെങ്ങോലകളും മറ്റു പച്ചപ്പിന്റെ കാഴ്ചകളും കാണുന്നതുതന്നെ നയനാനന്ദകരം ആയിരുന്നു.

അനുയോജ്യമായ കാലാവസ്ഥയും കൃഷി ചെയ്യാനുള്ള മനസ്സും കേരളത്തെ ഹരിതാഭമാക്കി തീർത്തു. അദ്ധ്വാനശീലരായ അവർക്ക് പറയത്തക്ക ആരോഗ്യ പ്രശ്നങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. കൃഷിയെ ജീവനെപ്പോലെ അവർ പരിപാലിച്ചു, മരങ്ങൾ നട്ടുവളർത്തി, അവർക്ക് വെള്ളവും വളവും നൽകി. ചെടികളെയും മരങ്ങളെയും ഉപദ്രവിക്കുന്നത് അവർക്ക് വേദനാജനകമായിരുന്നു.

നവീനശിലായുഗ കാലം മുതൽ മനുഷ്യൻ കൃഷി ചെയ്തിരുന്നു. പരമ്പരാഗതമായി കേരളീയർ കൃഷിയെ ആശ്രയിച്ചാണ് കഴിയുന്നത്. പ്രാചീനകാലം മുതൽക്കേ വിവിധയിനം കൃഷികൾ കേരളത്തിൽ ചെയ്തിരുന്നു. വിവിധ ഇനം നാളികേരം, അടയ്ക്ക, നെൽവിത്തുകൾ, പച്ചക്കറി




ഇനങ്ങൾ, വെറ്റില കൃഷി,ഏലം,കാപ്പി,കുരുമുളക്, ജാതിക്കാ, സു

ഗന്ധവ്യഞ്ജനങ്ങൾ, പയറിനങ്ങൾ,എള്ള്,കടല, കരിമ്പ് മുതലായ കൃഷികൾ കേരളത്തിൽ ചെയ്തിരുന്നു.

ഇതൊക്കെ വെറും പഴങ്കഥകൾ. മേൽ പറഞ്ഞ ഭക്ഷ്യവസ്തുക്കൾ ഒന്നും തന്നെ ഇന്ന് കേരളത്തിലില്ല. തമിഴ്നാട്ടിൽനിന്നു കൊണ്ടുവരുന്ന സാധനങ്ങൾ ആണ് നമ്മൾ ഭക്ഷിക്കുന്നത്. വരും തലമുറയ്ക്ക് കൃഷി എന്താണെന്ന് പറഞ്ഞു കൊടുക്കാം. എന്നാൽ കൃഷി കാണിച്ചു കൊടുക്കാൻ നമുക്ക് ഇന്നിവിടെ കൃഷി ഇല്ല. ഈ ഐ. ടി യുഗത്തിലെ തലമുറ കൃഷിയെ കുറിച്ച് അറിയുന്നതും ഇന്റർനെറ്റിലൂടെ മാത്രം.

ഫാസ്റ്റ് ഫുഡ് ആണ് ഇന്ന് നമ്മൾ കഴിക്കുന്നത്. കൈയിലും കാലിലും മണ്ണാകും എന്ന് കരുതി മണ്ണിലിറങ്ങി കൃഷി ചെയ്യാതിരുന്നാൽ, ഫാസ്റ്റ് ഫുഡ് കഴിച്ചു നമ്മുടെ ശരീരവും അഴുക്കുചാലായി മാറും. കാർഷിക സംസ്ക്കാരത്തെ തിരിച്ചുപിടിക്കാൻ നമുക്ക് ഒരുമിച്ച് കൈകോർക്കാം!!

**ശ്രേയ**



# നക്ഷത്രമേ

ആകാശമെന്ന കരിമ്പാടത്ത്
ഒരു ദീപമായി മിന്നുന്ന നക്ഷത്രമേ
ഇരുട്ടിൽ നന്മയുടെ നുറുങ്ങുവെട്ടമായി
വന്നെത്തുന്ന വെള്ളിനക്ഷത്രമേ
നിൻ നുറുങ്ങുവെട്ടം
എൻ ഹൃദയത്തിൽ വിളക്കായി
മിന്നുന്ന നക്ഷത്രമേ
വിശാലമാമൊരു വാനിലാരോ
ദീപം തെളിച്ച പോലെന്ന
നിൻ നുറുങ്ങുവെട്ടം
പാരിൽ വിളങ്ങുന്നു
നക്ഷത്രമേ..... നീയാണ് ഈ രാവിനെ
ഇത്ര മനോഹരമാക്കി തീർത്തത്.

**അൽന സോജൻ**

# അമ്മ മണം

ഓ മടുത്തു. ആദ്യമായല്ല കാന്റീനിൽ നിന്ന് കിട്ടുന്ന ഭക്ഷണത്തിനു മുന്നിലിരുന്ന് ഇങ്ങനെ ചിന്തിക്കുന്നത്. എന്താണെന്നറിയില്ല ഈയിടെയായി ഭക്ഷണത്തിനൊന്നും ഒരു സ്വാദില്ല.



എല്ലാത്തിനും ഒരേ രുചി. പണ്ടൊക്കെ തന്റെ നാവ് എത്ര സൂക്ഷ്മമായിരുന്നു. എന്നാലിപ്പോൾ എന്താണാവസ്ഥ. ഒന്നിനും ഒരു സുഖമില്ല. പണ്ടത്തെ ആ കഴിവൊന്നും ഇപ്പോഴില്ല. എല്ലാം നഷ്ടപെട്ട പോലെ.

"വാട്ടിസിറ്റ് മാധവ്? എന്താ ഭക്ഷണം കഴിക്കാതെ ആലോചിച്ചിരിക്കുന്നത്?" പ്രിയയുടെ ശബ്ദം അവന്റെ ചിന്തകൾക്ക് വിരാമമിട്ടു.

"ഓ! ഒന്നുമില്ല. വെറുതെ ആ പഴയ കാര്യങ്ങളൊക്കെ....... "അവൻ പറഞ്ഞു.

"തനിക്കവിടെക്കൊക്കെ ഒന്ന് പൊയ്ക്കൂടേ? എത്ര നാളായി വിളിക്കുന്നു."പ്രിയ ചോദിച്ചു.

"ഉം..."അവൻ വെറുതെ ചിരിച്ചതേയുള്ളു.

ശരിയാണ്. കുറെ നാളായി വിളിക്കുന്നു. എല്ലാ പ്രാവശ്യവും നാട്ടിൽ നിന്ന് വിളിക്കുമ്പോൾ പറയും. ഒന്ന് വന്നിട്ട് പോടാ എന്ന്. പക്ഷെ സമയം കിട്ടണ്ടേ? എല്ലാ ദിവസവും ജോലിത്തിരക്കാണ്. ആകെ ഉള്ളത് ഒരു മാസത്തെ ലീവാണ്.

അപ്പോഴുമുണ്ടാകും എന്തെങ്കിലുംപരിപാടി. കൂട്ടുകാരൊക്കെ ഉണ്ടെങ്കിൽ പിന്നെ ഒന്നിനും സമയം കിട്ടില്ല.

എന്നാലും പോകുന്നില്ലേ.കുറഞ്ഞത് മൂന്ന് വർഷം കൂടുമ്പോൾ പത്തു ദിവസത്തേക്ക് പോകാറുണ്ട്. അതിൽ കൂടുതൽ പറ്റാറില്ല. ഇപ്പോൾ പോയിട്ട് രണ്ട് വർഷമായി. ങാ. ഒരിക്കൽ പോകാം. പക്ഷെ അമ്മയ്ക്കിതെന്താ. എല്ലാ സൗകര്യങ്ങളുമുണ്ട്. നല്ലൊരു വീട്. അതും അമ്മയുടെ ആഗ്രഹം പോലെ പണിത നാലുകെട്ട്. പിന്നെ എന്നും ജോലിക്കാർ വരും.

ശരിയാണ്. അച്ഛൻ ഇല്ലാതെ മകനെ വളർത്താൻ അമ്മ ഒരുപാട് കഷ്ടപ്പെട്ടു. അച്ഛൻ മരിച്ച ശേഷം വീട്ടുജോലി ചെയ്താണ് അമ്മ തന്നെ പഠിപ്പിച്ചതും ജോലിക്കയച്ചതും.

പക്ഷേ ജോലി കിട്ടിയ ശേഷം അമ്മയ്ക്ക് ബുദ്ധിമുട്ടേണ്ടി വന്നില്ലല്ലോ? ഒരു വിഷമവുമില്ല. ഒന്നിനും ഒരു കുറവുമില്ല. ഒരു ജോലിയും എടുക്കണ്ട. പിന്നെന്തിനാ എപ്പോഴും കാണണം കാണണംഎന്ന് പറയുന്നത്? അമ്മയ്ക്ക് ഇപ്പോൾ അവിടെ എന്തിന്റെ കുറവാ?

മം.....മം..... മം.....മം...... പോക്കറ്റിനെ വിറപ്പിച്ചുകൊണ്ട് ആ ഫോൺ അവനെ ചിന്തയിൽ നിന്നുണർത്തി.

"ഹലോ.... മാധവനല്ലേ?" അപ്പുറത്തൊരു ശബ്ദം.

"അതെ." തെല്ല് നടുക്കത്തോടെ അവൻ പറഞ്ഞു.

'മാധവൻ' അത് തന്റെ പഴയ പേരാണ്. അമ്മ മാത്രമേ തന്നെ ഇപ്പോൾ അങ്ങനെ വിളിക്കാറുള്ളൂ. ഇതിപ്പോ ആരാ?

"മോനേ, ഞാൻ ബാലമ്മാവനാ." അങ്ങേത്തലയ്ക്കൽഉള്ള ശബ്ദം ചെറുതായി ഇടറിയിരുന്നു.

"ങാ! ബാലമ്മാവനോ? എന്താ അമ്മാവാ വിശേഷിച്ച്?" അമ്മാവന്റെ ശബ്ദം അവനിലുണ്ടാക്കിയ ഞെട്ടലിനിപ്പോൾ സംശയത്തിന്റെ നിഴൽ ഉണ്ടായിരുന്നു. ഇത ുവരെ തന്നെ

വിളിച്ചിട്ട് ഇല്ലാത്ത അമ്മാവൻ പെട്ടെന്നൊരു ദിവസം വിളിച്ചത് എന്തിനാണ് എന്നു ള്ള സംശയം.

"മോനേ, ഒരു അത്യാവശ്യമുണ്ട്. അമ്മയ്ക്ക് സുഖമില്ല. കുറച്ചുസീരിയസ്സാണ്. മോൻ പെട്ടെന്നൊന്ന് വരണം. വിവരങ്ങൾ ഇപ്പോ വിളിച്ചു പറയാം. ഒന്ന് ക്ഷമിക്കണേ."

പിന്നെ എല്ലാം പെട്ടെന്നായിരുന്നു. ഇരുന്ന ഇരുപ്പിൽ തന്നെ ടിക്കറ്റ് ബുക്ക് ചെയ്തു. പോകാനായി എഴുന്നേറ്റപ്പോൾ മനസ്സുനിറയെ ചിന്തകളായിരുന്നു. അമ്മയുടെ സമ്മതമില്ലാതെ അവൻ കല്യാണം കഴിച്ച പ്രിയയുടെ ചോദ്യം അവൻ പാതിയെ കേട്ടുള്ളൂ. മറ്റൊന്നും ചിന്തിച്ചില്ല.

"അമ്മയ്ക്ക് സുഖമില്ല. ഞാൻ നാട്ടിലേക്ക് പോകുകയാണ്. പിന്നെ ഒന്നും വിശദീകരിക്കാൻ നിൽക്കാതെ അവൻ നടന്നു.

ബാലമ്മാവന്റെ കോൾ കട്ട് ചെയ്ത് ഫ്ലൈറ്റിലേക്ക് കയറുമ്പോൾ. അവന്റെ മനസ്സ് നിറയെ അതായിരുന്നു, അന്നത്തെ ഫോൺ കോൾ. സംസാരത്തിനിടയിൽ കഴിഞ്ഞദിവസം വീണതിന്റെ കാര്യവും അത് കഴിഞ്ഞ് തുടർച്ചയായുള്ള നെഞ്ചു വേദനയെ പറ്റിയും പറഞ്ഞു കഴിഞ്ഞ് അമ്മ പറഞ്ഞു:

"മോനേ, നീ പെട്ടെന്ന് വാ. ഇല്ലെങ്കിൽ വല്ല്യ വെഷമാവും."

എല്ലാം മുന്നിൽ കണ്ടെന്ന പോലെയുള്ള അമ്മയുടെ വാക്കുകൾ അവനെ വല്ലാതെ അലട്ടി. അതുകഴിഞ്ഞ് അടുത്ത ഒരു സുഹൃത്തിനെ താൻ വിളിച്ചിരുന്നു. അവൻ വീടിന്റെ അടുത്ത് തന്നെയുള്ള ഒരു ഡോകടറായിരുന്നു. അവനോട് അമ്മയെ ഒന്ന് പോയി നോക്കാൻ പറഞ്ഞതും, യാതൊരു കുഴപ്പവുമില്ല എന്ന് അവൻ വിളിച്ചു പറഞ്ഞതും അവൻ വീണ്ടും വീണ്ടും ഓർത്തു.

"സർ, നിങ്ങൾ പറയുന്ന പേഷ്യന്റ് ഡിസ്ചാർജായെന്ന് തോന്നുന്നു. ഒന്നും കുടെ അന്വേഷിച്ചു നോക്കു."

"ങേ?ങാ. ഓ. ഓക്കേ. താങ്ക്യൂ." നേഴ്സിനോട് പറഞ്ഞു ഫോൺ എടുത്തപ്പോഴാണ് കാണുന്നത്, ഇരുപത്തിമൂന്ന് മിസ്ഡ്കോൾ. ഫോൺ ഫ്ലൈറ്റ്മോഡിലാണെന്ന കാര്യം അപ്പോഴാണ് അവൻ ഓർക്കുന്നത്. ഫ്ലൈറ്റ് മോഡ് ഓഫാക്കിയതും ഫോൺ ബെൽ അടിക്കാൻ തുടങ്ങി. ബാലമ്മാവനാ.

"മോനേ. മോൻ വേഗം വീട്ടിലേക്ക് വാ." ഫോൺ കട്ടാവുന്ന ശബ്ദമാണ് പിന്നെ കേട്ടത്.

ആൾക്കുട്ടത്തിനിടയിലേക്ക് നെഞ്ചിൽ തീയുമായാണ് അവൻ കയറിച്ചെന്നത്. ചെന്നയുടനെ ബാലമ്മാവൻ വന്ന് കൈപിടിച്ച് അകത്തേക്ക് കൊണ്ടുപോയി.

"ഞാൻ കൊറെ തവണ വിളിച്ചു. മോന്റെ ഫോൺ ഓഫായിരുന്നു. അപ്പോ വിളിച്ചിട്ട് വച്ചില്ലേ? അത് കഴിഞ്ഞ ഉടനെയായിരുന്നു. മോൻ വേഗം അകത്തേക്ക് വാ."

അവനെ കൈപിടിച്ച് അമ്മാവൻ അകത്തേക്ക് കൊണ്ടുപോയി. അപ്പോൾ അവന്റെ മനസ്സുനിറയെ അമ്മയായിരുന്നു. കഴിഞ്ഞ തവണ കണ്ടപ്പോൾ ആകെ ക്ഷീണിച്ചിരുന്നു. തറയിൽ വിരിച്ചിരിക്കുന്ന പായയിലേക്ക് ഒരുതവണ നോക്കാനേ അവന് കഴിഞ്ഞുള്ളൂ. തലയോട്ടിയിൽ തോൽ പൊതിഞ്ഞ പോലെയുള്ള ആ രൂപം കണ്ട് അവൻ ഒന്ന് ഞെട്ടി. പിന്നെ അവിടേക്ക് കണ്ണയയ്ക്കാൻ മനസ്സനുവദിച്ചില്ല. അവന്റെ ഓർമയിലെ അമ്മയുടെ രൂപം മങ്ങുന്നത് പോലെ തോന്നി. അടുത്തു വന്ന് കൈ പിടിക്കുകയും സമാധാനിപ്പിക്കുകയും മറ്റും ചെയ്ത ബന്ധുക്കളെയും പരിചയക്കാരെയും ഒക്കെ വകഞ്ഞുമാറ്റി അവൻ നടന്നു, എങ്ങോട്ടെന്നില്ലാതെ. കണ്ണിൽ കാണുന്നതെല്ലാം അമ്മയുടെ ഓർമ്മകൾ ആണ് നൽകുന്നത്. അമ്മ അവസാനം പറഞ്ഞ വാക്കുകൾ ഓർത്തപ്പോൾ മനസ്സ് നീറി.

ഇനിയില്ല എന്ന് വിശ്വസിക്കാനാവുന്നില്ല. ബാലമ്മാവന്റെ സഹായത്തോടെ അവസാന ക്രിയകളെല്ലാം ചെയ്തു. ചിതയേക്കാൾ ഭീകരമായിരുന്നു അവന്റെ

നെഞ്ചിലെ തീ. ദുഃഖം മൂലം മനുഷ്യൻ എത്രമാത്രം നിർവികാരനാവും എന്നതിന്റെ ഒരു ഉദാഹരണമായി അവൻ ആ വീടിന് ഇടനാഴികളിലൂടെ അലഞ്ഞു.

കർമ്മങ്ങൾ കഴിഞ്ഞ് എല്ലാവരും പോയി. എന്തോ ആവശ്യത്തിന് പോകുകയാ, ഇപ്പോൾ വരാം എന്ന് പറഞ്ഞ്, ബാലമ്മാവൻ ഇപ്പോൾ ഇറങ്ങിയതേ ഉള്ളൂ. പലവഴികളിലൂടെ അലയുമ്പോൾ അടുക്കള അവന്റെ കണ്ണിൽപ്പെട്ടു. അവിടെ മേശമേൽ ഒരു പാത്രം. അതെ, അവിടെയായിരുന്നു. രാവിലെ ഭക്ഷണം കഴിക്കാൻ ഇരുന്നതാ, പണിക്കു വന്ന ചേച്ചിയാണ് അനക്കമില്ലാതെ ഇരിക്കുന്നത് കണ്ടത്. ഉടനെ ഹോസ്പിറ്റലിൽ എത്തിച്ചതാ. അറ്റാക്കാണെന്നാ പറഞ്ഞത്. തകർന്ന ഹൃദയത്തിന്റെ വേദന ആരറിയുന്നു.

നേരെ പോയി ആ കസേരയുടെ അടുത്തു നിന്നു. കഞ്ഞിയുടെ പാത്രത്തിന്റെ അരികിൽ ഉറുമ്പിന്റെ ഒരു പട തന്നെയുണ്ട്. പാത്രത്തിന്റെ വക്ക് കുഞ്ഞീച്ചകളാൽ പൊതിഞ്ഞിരിക്കുന്നു. കഞ്ഞിയിൽ ഒരു ഈച്ച വീണുകിടപ്പുണ്ട്. അവനറിയാതെ തന്നെ ആ കസേരയിൽ അവന്റെ ശരീരം അമർന്നു.

എന്തോ, കസേരയ്ക്കൊരു ചൂട്. ചെറിയ ചൂട്.

അവന്റെ കൈ പതിയെ കഞ്ഞിക്ക് അടുത്തേക്ക് പൊങ്ങി.

ഉറുമ്പുകളെയും ഈച്ചകളെയും ഒന്നും വകവയ്ക്കാതെ അവൻ ഒരു സ്പൂൺ കഞ്ഞി എടുത്തു. പതിയെ ചുണ്ടോടടുപ്പിച്ചു. ആദ്യ തുള്ളി അവന്റെ നാവിൽ മു ട്ടിയതും, ഒരു നിമിഷം അവൻ ഞെട്ടി. അതെ, എന്തൊക്കെയോ തിരിച്ചുവരുന്നു. പണ്ട് നഷ്ടപ്പെട്ടുപോയ ആ രുചി, ആ സ്വാദ്. എന്തൊക്കെയോ ഓർമ്മകൾ മനസ്സിലേക്ക് തിക്കിക്കൂട്ടി വരുന്നു.

പെട്ടെന്ന് ചുറ്റിലും എന്തോ മണം നിറഞ്ഞു.

നല്ല പരിചിതമായ മണം.

അതെ, ഓർമകളുടെ മണം.

അല്ല, ഓർമകളുടെ അല്ല.

മറ്റെന്തിന്റെയോ.

അതെ, പൊടുന്നനെ അവൻ തിരിച്ചറിഞ്ഞു.

അമ്മയുടെ മണം.

അമ്മ മണം.

ആ കഞ്ഞിയുടെ അവസാന വറ്റും കുടിച്ചു തീർക്കുമ്പോൾ അവന്റെ അടുത്തിരുന്ന് ശബ്ദിച്ച ആ യന്ത്രത്തിന് രോദനം അവൻ കേട്ടതായി തോന്നുന്നില്ല.

**നാദിയ അൻവർ**

## കണ്ണുനീർ




ഞാൻ അവൾക്കായി ഏകിയ
ആനന്ദ കണ്ണുനീർ
അവളുടെ കുസൃതികൾക്ക് ഒരു
മുത്തം നൽകാൻ
ഏകിയ രൗദ്രത്തിൽ ചുടുകണ്ണീർ
അവൾക്കായി ഞാൻ കഷ്ടപ്പാടിൻ
കണ്ണുനീർ പൊഴിച്ചു
ഇതിനെല്ലാം പകരമായി ഏകിയ കണ്ണു
നീർ
ഒരു പെരുമഴക്കാലം ആയിരുന്നു..!

**ജെഫിൻ പി ഫ്രാൻസിസ്**

# വാത്സല്യത്തിൻ ചൂടാവി

ഇരുളിൽ പ്രകാശം നിറച്ചും
വെയിലിന്റെ ചൂടിൽ വാത്സല്യത്തിന് കുളിരേകിയും
അമ്മതൻ സ്നേഹം
മഴയായി പെയ്തും  നദിയായി
ഒഴുകിയും
അതിന്റെ നടുവിലെ കുസൃതി കൂടിക്കൂടി
ഭവനം ഒരു യുദ്ധ ഭൂമിയായി മാറുമ്പോൾ
ആ വാത്സല്യത്തിൻ മഴ
രൗദ്രത്തിൻ പ്രളയം ആയി മാറും
നദിതൻ ഒഴുക്ക് വർദ്ധിച്ചു അതിലെ യാത്രാവഞ്ചികൾ
ദിശമാറി ഒഴുകും
രൗദ്രത്തിന്റെ പ്രളയം എല്ലാം ശമിച്ചു
കഴിയുമ്പോൾ
അമ്മയുടെ സ്നേഹത്തിന് അത്താഴം വിളമ്പും
അന്നേരം നേരത്തെ നടന്നതെന്തെന്ന്
ആ കഞ്ഞിയുടെ മേൽ പറന്നു പൊങ്ങുന്ന  ചൂടാവി പോലെ
എണ്ണം കൂട്ടി കിട്ടിയ കഷായത്തിന്റെ
കയ്പ്പും അതിന്റെ കൂടെ പറന്നുപൊങ്ങും.



**ജെഫിൻ പി ഫ്രാൻസിസ്**

# Annual day 2019-2020

സെന്റ് ഫിലോമിനാസ് എച്ച്. എസ്. എസ്, കൂനമ്മാവ് അതിന്റെ ശ്രേയസ്സാർന്ന 128-ാം വാർഷികം 2020 ജനുവരി 24 ന് സെന്റ് ഫിലോമിനാസ് പാരിഷ് ഹാളിൽ വെച്ച് സാഘോഷം കൊണ്ടാടി.

വിശുദ്ധനായ ചാവറയച്ചന്റെ പാദസ്പർശത്താൽ പരിശുദ്ധമായ സെന്റ് ഫിലോമിനാസ് വിദ്യാലയം എന്നും അഭിമാനിക്കാവുന്ന നേട്ടങ്ങളാണ് ഇന്നോളം നേടിയിരിക്കുന്നത്.
സ്കൂളിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതോടൊപ്പം വിദ്യാർഥികളുടെ പാഠ്യ-പാഠ്യേതര മികവുകളെ അഭിനന്ദിക്കുകയും ചെയ്തു.അനേകം പ്രശസ്ത വ്യക്തിത്വങ്ങൾ ഈ ചടങ്ങിൽ പങ്കെടുത്തു.

രാവിലെ 9.30 ക്ക് സ്കൂൾ മാനേജർ ഫാ. ഫ്രാൻസിസ് ഡിക്സൺ ഫെർ ണാണ്ടസ് പതാക ഉയർത്തി ചടങ്ങുകൾക്ക് തുടക്കം കുറിച്ചു.



തുടർന്ന് ഘോഷയാത്രയോടെ പാരിഷ് ഹാളിലേക്ക്. ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച ചടങ്ങിൽ ഹയർ സെക്കന്ററി പ്രിൻസിപ്പൽ ഡോ.ഡീൻ റോയ് സ്വാഗതം ആശംസിച്ചു. തുടർന്ന് ഹയർസെക്കന്ററി സ്കൂൾ വാർഷിക റിപ്പോർട്ട് സ്റ്റാഫ് സെക്രട്ടറി സിജി ജോസും ഹൈ സ്കൂൾ വാർഷിക റിപ്പോർട്ട് എച്ച്. എം സാലു തൈക്കൂടനും അവതരിപ്പിച്ചു. അധ്യക്ഷപ്രസംഗം സ്കൂൾ മാനേജർ ഫാ. ഫ്രാൻസിസ് ഡിക്സൺ ഫെർണാണ്ടസ് നിർവഹിച്ചു. ഉദ്ഘാടനം മുൻ കേന്ദ്രമന്ത്രി പ്രോഫ. കെ. വി. തോമസ് നിർവഹിച്ചു.തുടർന്ന് അദ്ദേഹം ഈ വർഷം വിരമിക്കു ന്ന മാത്സ് അധ്യാപിക ശ്രീമതി വത്സ ചാക്കോ, മലയാളം അധ്യാപിക ശ്രീമതി മേരി അവരേവ്, ഇംഗ്ലീഷ് അധ്യാപിക നിർമല പോളിൻ, ഓഫീസ് സ്റ്റാഫ് ത്രേസ്യ എന്നിവർക്ക് ഉപഹാരം സമർപ്പിച്ചു.

മുഖ്യാതിഥിയായി സിനിമ സീരിയൽ ആർട്ടിസ്റ്, അനിൽ പെരുമ്പളം എത്തുകയും ആശംസകൾ അർപ്പിക്കു കയും ചെയതു. തുടർന്ന് അനേകം പ്രാദേശിക നേതാക്കളും ആശംസകൾ അർപ്പിച്ചു. സ്കൂൾ ലീഡർ ജോസ്ന മരിയ എല്ലാ അതിഥികൾക്കും നന്ദിയും കൃതജ്ഞതയും നേർന്നുകൊണ്ട് പൊതുസമ്മേളനം അവസാനിച്ചു.



ഉച്ച മുതൽ സ്കൂളിലെ വിദ്യാർഥികൾ അവതരിപ്പിക്കുന്ന കലാപരിപാടികൾ അരങ്ങേറി. എല്ലാ പരിപാടികളും ഒന്നിനൊന്നിന് മികച്ചതായിരുന്നു.

സെന്റ് ഫിലോമിനാസ് സ്കൂൾ 128-ാം വാർഷികം ആഘോഷ മേളങ്ങളോടെ കൊടിയിറങ്ങി.

# വിമുക്തി

## സെന്റ് ഫിലോമിനാസ് സ്കൂൾ ജെ ആർ സി യൂണിറ്റ് ലഹരിക്കെതിരെ നടത്തുന്ന പ്രവർത്തനങ്ങൾ

ഇന്നത്തെ യുവതലമുറയ്ക്ക് ഇടയിൽ ലഹരി ഉപയോഗം കൂടി വരികയാണ്. വീട്ടിൽ നിന്നും കൂട്ടുകാർക്കിടയിൽ നിന്നും അവർക്ക് ഇത് ലഭിക്കുന്നു. ഇത്തരം വസ്തുക്കളുടെ വലയിൽ അവർ വീഴുന്നത് മനപ്പൂർവ്വമല്ല. തികച്ചും ആസൂത്രിതമായാണ് ഇതിന്റെ ഏജന്റ്മാർ ഇരകളെ കെണിയിൽ ചാടിക്കുന്നത്. പ്രണയവും സൗഹൃദവും മറ്റും നടിച്ച് അവർ അവരുടെ കാര്യം സാധിച്ചു എടുക്കുന്നു.

ഇതിൽനിന്നെല്ലാം കുട്ടികളെ രക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടി സെൻ ഫിലോമിനാസ്




ജെ ആർ സി യൂണിറ്റ് ക്ലാസുകൾ തോറും കയറി ബോധവൽക്കരണം

നടത്തിയിരുന്നു.

കുട്ടികൾക്ക് കാര്യങ്ങൾ മനസ്സിലാക്കാൻ അവരുടെ സംശയങ്ങൾ ഉന്നയിക്കാനും കഴിയുന്ന രീതിയിൽ തികച്ചും ലളിതമായ രീതിയിലായിരുന്നു ക്ലാസ്സ്. പ്രധാനമായും മദ്യം,പുകയില,

മയക്കുമരുന്ന്എന്നിവയെപ്പറ്റിയുള്ള ബോധവൽക്കരണത്തിനു മുൻഗണന നൽകി.

കാര്യങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കാൻ വേണ്ടി ചാർട്ടുകളും മറ്റും ഉപയോഗിച്ചായിരുന്നു ക്ലാസുകൾ. ഇതിന്റെ ദൂഷ്യങ്ങളെ ശാസ്ത്രീയമായി സമീപിക്കുകയും, ഇവയിൽ നിന്ന് പിന്മാറിയാൽ എന്തൊക്കെ ഗുണങ്ങളുണ്ടെന്ന് ശാസ്ത്രീയമായി തന്നെ അവർക്ക് പറഞ്ഞുകൊടുക്കുകയും ചെയ്തു ക്ലാസിനു മികച്ച രീതിയിലുള്ള പ്രതികരണമാണ് ലഭിച്ചത്. ഇവയിൽ പെടാതിരിക്കാൻ ആയി കുട്ടികളെ ബോധവാന്മാരാക്കുക മാത്രമല്ല, ഇവയിൽ പെട്ട പോയാൽ എങ്ങനെ രക്ഷപ്പെടാം എന്നും കുട്ടികൾക്ക് ജെ ആർ സി കേഡറ്റ്സ്

മനസ്സിലാക്കിക്കൊടുത്തു. ഇതുതന്നെ പിന്മാറാതെ പക്ഷം ഉണ്ടാകാവുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് വിവരിച്ചപ്പോൾ കുട്ടികൾക്ക് ഇതിനോട് അത്യധികം വെറുപ്പ് അനുഭവപ്പെട്ടതായി ഞങ്ങൾക്ക് മനസിലാക്കാൻ സാധിച്ചു. ക്ലാസിനുശേഷം പല കുട്ടികളും
ഇനി ഇതിൽ പെടില്ലെന്ന് പ്രതിജ്ഞ ചെയ്യുകയും മറ്റുള്ളവരെ പിന്തിരിപ്പിക്കാൻ ശ്രമിക്കുമെന്ന് ഉറപ്പു തരികയും ചെയ്തു,

"അച്ഛൻ വലിക്കുന്നതും കുടിക്കുന്നത് മറ്റും കണ്ടിട്ടുണ്ടെങ്കിലും അത് കാരണം ഇത്ര ഭീകരമായ അവസ്ഥ ഉണ്ടാകുമെന്ന് അറിഞ്ഞില്ലായിരുന്നു. ഇനി അവരെ ഇതിൽ നിന്നും പിന്തിരിപ്പിക്കും." എന്ന് പറഞ്ഞ് പല കുട്ടികളും ഞങ്ങളെ സമീപിച്ചു. കുട്ടികളുടെ ഹൃദയത്തിൽ സ്പർശിക്കാൻ ക്ലാസുകൾക്ക് സാധിച്ചു എന്നതിന് ഉത്തമ ഉദാഹരണം ആണിത്.

ഇതുകൂടാതെ തീയതി സ്കൂളിൽ നടന്ന ലഹരിവിരുദ്ധം ഇനി മാരത്തണിന് ശേഷം ജെ ആർ സി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ അച്ഛനമ്മമാർക്ക് പ്രത്യേക ക്ലാസ് ഉണ്ടായിരുന്നു രക്ഷിതാക്കൾക്ക് ഇടയിൽ സുലഭമായി കണ്ടു വരുന്ന മദ്യം, പുകയില എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണത്തിന് ഈ ക്ലാസുകളിൽ ഞങ്ങൾ പ്രാധാന്യം നൽകിയത്. സ്കൂളിലെ കൈറ്റ്സ് യൂണിറ്റിന്റെ സഹായത്തോടെ നടത്തിയ ക്ലാസ് ഡിജിറ്റലായി മാതാപിതാക്കളിൽ എത്തിക്കാൻ ഞങ്ങൾക്ക് സാധിച്ചു. ഇത്തരം സാധനങ്ങളുടെ ദൂഷ്യഫലങ്ങളെ പറ്റി വിവരിച്ച് ക്ലാസ് അവസാനിപ്പിച്ചത് രക്ഷിതാക്കളെ എന്നും തികച്ചും ആരോഗ്യവാന്മാരായി കാണാനുള്ള കുട്ടികളുടെ ആഗ്രഹം പങ്കുവെച്ചു കൊണ്ടായിരുന്നു. ഹൃദയസ്പർശിയായ ഒരു വാചകം കൊണ്ട് അവസാനിപ്പിച്ച് ക്ലാസ് കുറഞ്ഞത് ഒരാൾക്കെങ്കിലും ഒരു മാറ്റം ഉണ്ടാക്കി എന്നും, അതുവഴി ഒരു കുടുംബം എങ്കിലും നന്നായി എന്നു ഞങ്ങൾ വിശ്വസിക്കുന്നു.



# ഇതാണ് സാറേ ഇലക്ഷൻ ...!

കുട്ടികൾ തന്നെ തെരഞ്ഞെടുപ്പുദ്യോഗസ്ഥർ, ഇലക്ട്രോണിക്




വോട്ടിംഗ് മെഷീൻ, സുരക്ഷയ്ക്ക് സ്റ്റുഡൻറ് പോലീസ് ഓഫീസർമാർ, പ്രഥമ ശുശ്രൂഷയ്ക്ക് ജൂനിയർ റെഡ് ക്രോസ്സ് , സ്കൂൾ തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിരീക്ഷകർ, ഇലക്ഷൻ അർജെന്റ് പതിച്ച വാഹനങ്ങൾ ......... അങ്ങനെ ഒരു യഥാർഥ തെരഞ്ഞെടുപ്പനുഭവം ഞങ്ങൾക്ക് സമ്മാനിച്ചു 2019-20 അധ്യയന വർഷത്തിൽ ഞങ്ങളുടെ സ്കൂളിൽ നടന്ന സ്കൂൾ പാർലമെന്റ് ഇലക്ഷൻ. സ്കൂളിലെ ഗണിത ശാസ്ത്ര അധ്യാപകന ും ഞങ്ങളുടെ മാസ്റ്ററുമായ ജോളി സർ തയ്യാറാക്കിയ വോട്ടിംഗ് മെഷീന്റെ ഭാഗമായ സ്മാർട്ട് ഫോണുകളിലാണ് വോട്ടർമാർ വോട്ട് രേഖപ്പെടുത്തിയത്. നിളാ ചാനലിന്റെ വീഡിയോ റിപ്പോർട്ടിങ്ങും ലിറ്റിൽ കൈറ്റ്സ് ഫോട്ടോഗ്രാഫർമാരും ഞങ്ങൾക്ക് മറക്കാനാവാത്ത തെരഞ്ഞെടുപ്പോർമ്മകൾ ചിത്ര-ശബ്ദ രൂപങ്ങളിലേക്ക് പകർത്തി. ഇത്ര സുന്ദരമായ ഒരു ഇലക്ഷൻ അനുഭവം ഞങ്ങൾക്ക് സമ്മാനിച്ച ഹെഡ്മാസ്റ്റർക്കും ജോളി സാറിനും മറ്റു മുഴുവൻ അധ്യാപകരോടും ഞങ്ങൾ നന്ദിയോടെ പറയുന്നു ....ഇതാണ് സാറേ ഇലക്ഷൻ ....!



## 2018-20 വർഷങ്ങളിൽ സ്കൂളിൽ വന്ന മാറ്റങ്ങൾ

2018 മുതൽ 2020 വരെയുള്ള വർഷങ്ങളിൽ അനേകം പുരോഗമനപരമായ സ്കൂളിൽ ഉണ്ടായി. Hi-Tech School എന്നതിനപ്പുറം വിദ്യാർത്ഥികളുടെ സർഗ്ഗപരമായ കഴിവുകൾ വികസിപ്പിക്കുവാനുള്ള ഒരുപാട് കാര്യങ്ങളും ഈ വർഷങ്ങളിൽ നടക്കുകയുണ്ടായി.

### Hi-Tech School

ഹൈസ്കൂളിലെ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളായി മാറുകയും അവ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

യു.പി.യിലെ ക്ലാസ്റൂമുകൾ Hi-Tech ആവാൻ തയ്യാറെടുക്കുന്നു.

## സ്കൂൾ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന വിദ്യാർത്ഥികളുടെ സംഘടനകൾ

## S P C (STUDENT POLICE CADETS)

സ്കൂളിലും പരിസരത്തും സേവനങ്ങൾ നൽകുന്ന സ്കൂളിലെ പ്രാധാന്യമുള്ള സംഘടനയാണ് S. P. C(Student's Police Cadet).
കൂനമ്മാവിലെ വാഹനത്തിരക്കും മറ്റും നിയന്ത്രിക്കാൻ സ്കൂളിലെ S. P. C മുൻകൈ എടുക്കാറുണ്ട്. സ്കൂൾ പരിസരത്തിന്റെ

ശുചിത്വത്തിന്റെ കാര്യത്തിൽ വലിയ ഒരു പങ്ക് S. P. C-ക്കുണ്ട് ലഹരിക്കെതിരെ സ്കൂളിൽ നടത്തിയ Marathon-ൽ Student's Police Cadet-കളുടെ പങ്കാളിത്തം നിറഞ്ഞ് നിന്നു.

## J R C (JUNIOR RED CROSS)

കുട്ടികളിലെ മാനസികവും ശാരീരികവും വൈകാരികവുമായ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന സംഘടനയാണ് JUNIOR RED CROSS. സ്കൂളിന് പരിസരത്തുള്ള Old age home ലേക്ക് സ്കൂളിലെ Red cross അംഗങ്ങൾ സന്ദർശിക്കുകയും അവിടുത്തെ അന്തേവാസികളുമായി സമയം ചിലവിടുകയും ചെയ്തു. ലഹരിക്കെതിരെ സ്കൂളിൽ വച്ച് നടത്തിയ MARATHON ൽ RED CROSS ന്റെ പ്രവത്തനങ്ങളും അതോടൊപ്പം RED CROSS അംഗങ്ങൾ മാതാപിതാക്കൾക്കായി ലഹരിക്കെതിരെ ബോധവൽക്കരണക്ലാസ് നടത്തുകയും ചെയ്തു.

## LITTLE KITES

2018-19 വർഷത്തിൽ തുടങ്ങിയ സ്കൂളിലെ സാങ്കേതിക മേഘലയു-മായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കുട്ടികളുടെ സംഘടനയാണ് *LITTLE KITES. I T* മേഘലയെക്കുറിച്ചുള്ള അറിവ് കുട്ടികൾക്ക് ലഭിക്കുവാൻ ലക്ഷ്യമിട്ട് നടത്തുന്ന ഈ സംഘടന ഈ വർഷങ്ങളിൽ വളരെയധികം മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ച്ചവെച്ചു. പറവൂർ ഉപജില്ല LITTLE KITES ക്യാമ്പിൽ പങ്കെടുക്കുകയും മികച്ചപ്രകടനം കാഴ്ചവെക്കുകയും ചെയ്തു.